സൂപ്പർ ന്യൂമററി അദ്ധ്യാപകർ—ജില്ല തിരിച്ചുള്ള കണക്ക്

528 [730] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ :
,, എം. കെ. കേശവൻ :
,, കെ. ഇ. ഇസ്മയിൽ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സൂപ്പർ ന്യൂമററി അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

സൂപ്പർ ന്യൂമററി അദ്ധ്യാപകർ എന്നത് പ്രൊട്ടക്ററഡ് അദ്ധ്യാപകരെ സംബന്ധിച്ചുതാണെന്നു അനുമാനിക്കുന്നു. ഈ വർഷാരംഭത്തിൽ 5205 പ്രൊട്ടക്ററഡ് അദ്ധ്യാപകരാണ് ഉള്ളത്. ഈ വർഷത്തെ സ്ററാഫ് ഫിക്സേഷൻ പ്രകാരമുള്ള അപ്പീൽ കേസുകൾ പൂർത്തീകരിക്കാത്തതിനാൽ ഇപ്പോഴത്തെ നിലവിലുള്ള പ്രൊട്ടക്ററഡ് അദ്ധ്യാപകരുടെ എണ്ണം കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. വർഷാരംഭത്തിലെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	—	647
കൊല്ലം	—	837
പത്തനംതിട്ട	—	435
ആലപ്പുഴ	—	522
കോട്ടയം	—	337
ഇടുക്കി	—	99
എറണാകുളം	—	658
തൃശ്ശൂർ	—	735
പാലക്കാട്	—	178
മലപ്പുറം	—	153
കോഴിക്കോട്	—	228
വയനാട്	—	24
കണ്ണൂർ	—	306
കാസർഗോഡ്	—	46
		5205

അദ്ധ്യാപകർക്ക് ലഭിക്കേണ്ട പ്രോവിഡൻറ് ഫണ്ട്

529 [731] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ഡയറക്ടർ ആഫീസിൽ പ്രോവിഡൻറ് ഫണ്ട് കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ ആവശ്യമായ ഉദ്യോഗസ്ഥൻമാരില്ലാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കാരണം അദ്ധ്യാപകർക്കു ലഭിക്കേണ്ട പ്രോവിഡൻറ് ഫണ്ട് സംഖ്യ സമയത്തു ലഭിക്കുന്നില്ലെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് പ്രോവിഡൻറ് ഫണ്ട് വിഭാഗത്തിൽ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടില്ലെന്ന വസ്തുത കണക്കിലെടുത്ത് കൂടുതൽ പേരെ നിയമിക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നത് ജോലി ഭാരം നിർണ്ണയിച്ചതിനുശേഷമേ സാദ്ധ്യമാകുകയുള്ളു. വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലും അനുബന്ധ ആഫീസുകളിലും ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ടോ എന്ന് പഠനം നടത്താൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അദ്ധ്യാപകർക്ക് ലഭിക്കുന്ന അലവൻസ്

530 [732] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനത്തിന് വരുന്ന അദ്ധ്യാപകർക്ക് ലഭിക്കുന്ന അലവൻസ് അപര്യാപ്തമാണെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ

531 [734] ശ്രീ. കെ. ടി. കുഞ്ഞാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക തസ്തികകളിൽ എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട് ;

(ബി) നികത്തപ്പെടാനുള്ള ഒഴിവുകളിൽ പൂർണ്ണമായും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്.

പീരുമേട് താലൂക്കിലെ യൂത്ത് ക്ലബ്ബുകൾ

532 [735] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിലെ യൂത്ത് ക്ലബ്ബുകളെപ്പറ്റി സർക്കാരിനു എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly